KOTTAYAM PUBLIC LIBRARY

Call No M 294 Acc. No 13844

Author ആഗമാനന്ദസ്വാമികൾ

Title ഹൈന്ദവ ധർമ്മം

M
294
ആഗ
H

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1055

അദ്വൈതാശ്രമഗ്രന്ഥാവലി നമ്പർ 5.

# ഹൈന്ദവധർമ്മം.

13844

ശ്രീമത് ആഗമാനന്ദസ്വാമികൾ.

( കോപ്പി 1000. )

വില അണ 4.

NATIONAL BOOK STALL
SPCS LTD.
KOTTAYAM

1127.

M294

Printed at the
B. B. Press, N. Parur.

# *ഹൈന്ദവധർമ്മം

സഹോദരി സഹോദരന്മാരെ,

ചരിത്രത്തിനു നോട്ടമെത്താത്തകാലം മുതൽ ആരംഭിച്ചു് ഇന്നുവരെ ലോകത്തു് ജീവിച്ചുവരുന്ന മതങ്ങൾ മൂന്നാണു്. അവ പാഴ്സിമതം, ജൂതമതം, ഹിന്ദുമതം എന്നിവയാകുന്നു. ഇവയിലും ഹിന്ദുമതമാണു് ഏററവും പഴക്കമുള്ളതു്. അതു സകല മതങ്ങളുടേയും മാതാവാകുന്നു. ജൂതമതം, പാഴ്സിമതം എന്നിവപോലും ഹിന്ദുമതത്തിൻെറ വളരെ അകന്ന ശാഖകളാണെന്നു ചരിത്രംകൊണ്ടു കാണുന്നു. അങ്ങനെയുള്ള മതമാതാവായ ആ ചരിത്രാതീതമതത്തെ ഇന്നു നിങ്ങളുടെ മുമ്പിൽ പ്രതിനിധീകരിക്കാൻ അവസരംതന്ന ശാന്തിമിഷൻ ഭാരവാഹികളോടു് ഞാൻ ആദ്യമായി കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഇസ്ലാംമതത്തിനെ മഹമ്മദുമതമെന്നു വെള്ളക്കാർ പേരു കൊടുത്തു് അതിനെ നിരർത്ഥകമാക്കി എന്നു് ഇസ്ലാംമത പ്രതിനിധി പ്രസ്താവിച്ചു. അതുപോലെയാണു് ഞാൻ പ്രതിനിധീകരിക്കുന്ന മതത്തിൻേറയും സ്ഥിതി. അതിന്റെ

---

*1111 ധനു 6-ാംനു- ശാന്തിമിഷൻെറ ആഭിമുഖ്യത്തിൽ കണ്ണൂര നടന്ന സർവ്വധർമ്മസമ്മേളനത്തിൽ ശ്രീമത് ആഗമാനന്ദ സ്വാമികൾ ചെയ്ത പ്രസംഗച്ചുരുക്കം.

സാക്ഷാൽ പേരു് ഹിന്ദുധൎമ്മമെന്നല്ല. അതു പേഷ്യാക്കാരും അതിനെ തുടൎന്നു വെള്ളക്കാരും കൊടുത്ത പേരാണു്. സാക്ഷാൽ പേരു സനാതനധൎമ്മമെന്നോ വൈദികധൎമ്മമെന്നോ ആണു്. കാലത്തെ അടിസ്ഥാനമാക്കിയാണു് സനാതനധൎമ്മമെന്നു പറയുന്നതു്. അതായതു് ഇന്ന കാലത്തു് ആരംഭിച്ചു എന്നു് ആൎക്കും ഊഹിക്കാൻകൂടി കഴിയാത്ത മതമെന്നു ചുരുക്കം. അക്ഷരാൎത്ഥമെടുത്താൽ എന്നും ഉള്ള മതമെന്നാൎത്ഥം. വേദങ്ങളാണു് അതിന്റെ പ്രമാണം. അതുകൊണ്ടാണു് അതിനെ വൈദികധൎമ്മമെന്നു പറയുന്നതു്. വേദമെന്നാൽ ശരിയായ അൎത്ഥത്തിൽ ഒരു പുസ്തകമല്ല. വേദമെന്നാൽ അറിവു്; അനുഭൂതി. ആദ്ധ്യാത്മിക അനുഭൂതിയേയാണു് വേദമെന്നു പറയുന്നതു്. ഉപനിഷത്തു് എന്ന പദത്തിനു ശ്രീശങ്കരാചാൎയ്യർ ഉപനിഷത്ഭാഷ്യത്തിൽ ബ്രഹ്മവിദ്യയാണെന്നാൎത്ഥം പറയുന്നതു് ബ്രഹ്മവിദ്യയടങ്ങിയിരിക്കുന്നതിനാൽ ലക്ഷണയാ പുസ്തകത്തിനും ഉപനിഷത്തെന്ന പേരു വന്നുവെന്നു് അദ്ദേഹം പറയുന്നു. ഇതുപോലെ തന്നെയാണു് വേദം എന്നപേരിൽ ഇന്നു് അറിയപ്പെടുന്ന പുസ്തകത്തിനും ആ പേരു വന്നതു്. ആദ്ധ്യാത്മികങ്ങളായ നാനാവിധ അനുഭൂതികളെ രേഖപ്പെടുത്തിയിരിക്കയാൽ ഋഗ്വേദം മുതലായ ഗ്രന്ഥസമുച്ചയത്തിനു വേദമെന്ന പേർ സിദ്ധിച്ചു. ഈ അനുഭൂതികൾ മനുഷ്യൻ മനുഷ്യനായകാലം മുതൽ, അഥവാ അനാദികാലത്തുതന്നെ, മനുഷ്യനു് ഉണ്ടാകാൻ തുടങ്ങിയെന്നാണു് ഭാരതീയരുടെ അഭിപ്രായം. മനുഷ്യവൎഗ്ഗം ഒട്ടാകെ ഒരുകാലം അപരിഷ്കൃതമായിരുന്നുവെന്നും പിന്നീടു് അനേകലക്ഷം വൎഷങ്ങൾക്കുശേഷം പരിഷ്കൃതാവസ്ഥയെ പ്രാപിച്ചുവെന്നും ഭാരതീയർ വിശ്വസി

അറിയുന്നില്ല. ഈ അവസരത്തിൽ ശ്രീനാരായണഗുരുസ്വാമിയും ഒരു ബി. ഏ. വിദ്യാർത്ഥിയുമായി നടന്നതായി, ഇന്ന് ഒരു സർക്കാരുദ്യോഗസ്ഥനായിരിക്കുന്ന, ആ വിദ്യാർത്ഥി ഒരിക്കൽ എന്നോടു പറഞ്ഞ ഒരു കഥ ഓർമ്മവരുന്നു. നമ്മുടെ ആ വിദ്യാർത്ഥി ഒരിക്കൽ ഗുരുസ്വാമികളെ കാണാൻപോയി. അപരിഷ്കൃതനായ ഒരു സന്ന്യാസിയെ കാണാൻ അച്ഛൻ നിർബന്ധിച്ചാണ് പോയത്. ചെന്നു കണ്ടപ്പോൾ സ്വാമികൾ പലതും സംസാരിച്ചിട്ട് ഇങ്ങനെ ചോദിച്ചു: 'നിങ്ങൾ ഏതു ക്ലാസിൽ പഠിക്കുന്നു?'

വിദ്യാർത്ഥി:— "ബി. ഏ. ക്ലാസിൽ."

സ്വാമികൾ:— "എന്താണ് പഠിക്കുന്നത്?"

വി:— (തൻെറ ഐശ്വരികത്തെപ്പററി) "ചരിത്രമാണു പഠിക്കുന്നത്."

സ്വാ:— "അതിൽ എന്തു പറയുന്നു?"

വി:— "ആദ്യകാലത്തു് മനുഷ്യർ അപരിഷ്കൃതരായിരുന്നു."

ബാക്കി പറയുന്നതിനു മുൻപ് സ്വാമികൾ:— "ആദ്യമെന്നാൽ?"

വി:— "രണ്ടുമൂവ്വായിരം വർഷം മുമ്പു."

സ്വാ:— "അതിന്നുമുമ്പോ?"

വി:— "നിശ്ചയമില്ല."

സ്വാ:— "രണ്ടുമൂവ്വായിരം വഷത്തിന്ന മൂമ്പു് അപരിഷ്കൃതരായിരുന്നെങ്കിൽ അതിന്ന മൂമ്പു് എന്തുകൊണ്ടു പരിഷ്കൃതരായിക്കൂടാ?"

വിദ്യാൎത്ഥി ഉത്തരംമുട്ടി നമ്രമുഖനായി സ്വാമികളുടെ മുമ്പിൽ അഹങ്കാരം നശിച്ചു നമസ്കരിച്ചു മടങ്ങി. അന്നുമുതൽ അയാൾ സ്വാമിജിയുടെ ഒരു ഭക്തനായിത്തീൎന്നു.

ഇതാണു് ഭാരതീയവിശ്വാസം. മനുഷ്യവൎഗ്ഗം ഒട്ടാകെ അപരിഷ്കൃതമായിരുന്ന ഒരു കാലമുണ്ടെന്നു പറയുന്നതു് ഭാരതത്തിൻെറ പാരമ്പരീണവിശ്വാസത്തിന്ന വിരുദ്ധമാണു്. പരിഷ്കാരമെന്നു പറയുന്നതു് എന്താണു്? ആവിവണ്ടിയും ആവിക്കപ്പലും സംഗീതയന്ത്രവും വിദ്യുച്ഛക്തിപ്രയോഗങ്ങളും നശീകരണസാമഗ്രികളുമാണോ? രാമകൃഷ്ണമിഷൻവകയായി 'പ്രബുദ്ധഭാരതം' എന്നൊരു മാസികയുണ്ടു്. ഈ മാസിക ആദ്യം പുറപ്പെട്ടതു് മദിരാശിയിൽനിന്നാണു്. ഇപ്പോൾ അതു കൽക്കട്ടയിൽനിന്നു പ്രസിദ്ധം ചെയ്തുവരുന്നു. മദിരാശിയിൽനിന്നു് ആദ്യം പുറപ്പെട്ട കാലത്തു് അതിൻെറ പത്രാധിപരായിരുന്ന മി. രാജമയ്യർ (ഇപ്പോൾ മരിച്ചുപോയി) അതിൽ പല ലേഖനങ്ങളും എഴുതിയിട്ടുണ്ടു്. അക്കൂട്ടത്തിൽ "Sukadeva and Steam Engine" (ശുകദേവനും ആവിയന്ത്രവും) എന്നു് ഒരു ലേഖനമുണ്ടു്.

അതിൽ അദ്ദേഹം ആവിയന്ത്രങ്ങളുടെ നാനാരൂപങ്ങൾ നിറഞ്ഞ ഇന്നത്തെ ലോകത്തേയ്ക്ക് അയ്യായിരം വർഷം മുമ്പ് ജീവിച്ചിരുന്ന ശുകദേവൻ പെട്ടെന്ന് ഇറങ്ങിവന്നാൽ 'മനുഷ്യവർഗ്ഗം പരിഷ്കാരത്തിൽ വളരെ മുന്നോട്ടു പോയിരിക്കുന്നു' എന്നു കണ്ട് അത്ഭുതപരതന്ത്രനാകുമോ എന്നു ചോദിക്കുന്നു. ഒരിക്കലും ഇല്ല. പഞ്ചഭൂതങ്ങളെ ഇങ്ങനേയും ഇതിലും കൂടുതലായ പല പ്രകാരത്തിലും കൂട്ടിച്ചേർക്കാൻ കഴിയുമെന്ന് ശുകദേവൻ അറിഞ്ഞിട്ടുണ്ട്. പഞ്ചഭൂതങ്ങളെ പലവിധത്തിൽ കൂട്ടിച്ചേർക്കാൻ പഠിക്കുന്നതാണോ പരിഷ്കാരം. അത് ഒരു പരിഷ്കാരമായി ശുകദേവൻ കരുതുകയില്ല. മനസ്സിൻെറ വളർച്ച്—സംസ്കാരപരമായ ശുദ്ധിയിൽകൂടിയുള്ള വളർച്ച്—യാണ് പരിഷ്കാരം. അതിൽ മനുഷ്യവർഗ്ഗം ശുകദേവൻെറ കാലത്തേതിനേക്കാൾ കൂടുതൽ മുന്നോട്ടുപോയിട്ടുണ്ടെന്നു തെളിയിക്കാമോ? അതുകൊണ്ടു ശുകദേവൻ അത്ഭുതമായി ഒന്നും കാണുകയില്ല. പരിഷ്കാരം ഇതാണെങ്കിൽ—ഈ മനഃശുദ്ധിയാണെങ്കിൽ—ആദികാലം മുതൽ അതിനെ പ്രാപിച്ച മനുഷ്യർ ഉണ്ടെന്നാണ് ഭാരതീയ ഐതിഹ്യം. മനഃശുദ്ധിയുടെ പരമോച്ചാവസ്ഥ പ്രാപിക്കുന്നതു് എപ്പോൾ? ആത്മാനുഭൂതി വരുമ്പോൾ. അത് ചരിത്രാതീതകാലത്ത്—വേദങ്ങളുടെ കാലത്ത്—തന്നെ ഭാരതീയർ എത്തിക്കഴിഞ്ഞു. വേദങ്ങൾ എഴുതിയ കാലം ആക്കും നിശ്ചയിക്കാവതല്ല. ഇരുപത്തി എട്ടു വ്യാസന്മാരുടെ കയ്യിൽ കൂടി മറിഞ്ഞാണ് അവ ഇന്നു കാണുന്ന രൂപത്തിൽ നമ്മുടെ കയ്യിൽ എത്തിയിരിയ്ക്കുന്നതു്. ആദ്യത്തെ വ്യാസനും അവയുടെ എഴുത്തുകാരനല്ല. അതിന് എത്രയോ ആയിരം വർഷം മുമ്പ് അനുഭൂതിയുള്ളവർ പറഞ്ഞതാണ് വേദ

ങ്ങൾ മുന്നോട്ടുവന്നതു്. വേദങ്ങൾ ആത്മാനുഭൂതിയുള്ളവരുടെ വാക്കാണെന്നു സ്പഷ്ടമാണു്. ഈശ്വരാദേശം ഇന്നു കാണുന്ന വേദവാചകങ്ങൾ രേഖപ്പെടുത്തിയവർക്കുണ്ടായിരുന്നു എന്നു് അവ വായിച്ചാൽ കാണാം.

"ദർശം നു വിശ്വദർശതം
എതാ ജ്ജുഷതമേ ഗിരഃ"
"തദ്വിഷ്ണോഃ പരമം പദം
സദാ പശ്യന്തി സൂരയഃ
ദിവീവ ചക്ഷുരാതതം."

എന്നിവ രണ്ടു ദൃഷ്ടാന്തങ്ങൾ മാത്രമാണു്. പ്രപഞ്ചത്തിന്റെ കാരണം അനാദികാലം മുതൽ ഭാരതീയർ അന്വേഷിച്ചു് ആ രഹസ്യം കണ്ടു് അനുഭവിച്ചു. ഇങ്ങനെയുള്ള അനുഭൂതിയെ അടിസ്ഥാനമാക്കി അനാദികാലംമുതൽ പരമ്പരയാ ഉപദേശിക്കപ്പെട്ടു് ഒടുവിൽ വേദം ഗ്രന്ഥരൂപത്തിൽ ക്രമപ്പെടുത്തപ്പെട്ടു. പിതൃപുത്രവഴി പിന്നെയും ഒഴുകി ഇന്നു മനുഷ്യവർഗ്ഗത്തിനു കിട്ടിയിരിയ്ക്കുന്നു. ഈ മതമാണു് വൈദികമതമായ സാക്ഷാൽ ഹിന്ദുമതം.

ഒരു മനുഷ്യനു് ആത്മികമായി മുന്നോട്ടു പോകുമ്പോൾ മദ്ധ്യേ പലനിലയിൽ പലവിധം അനുഭൂതികളുണ്ടാകുന്നു. ഇവയെല്ലാം സത്യമാണു്. അതിനാൽ വേദത്തിൽ എല്ലാമതങ്ങളുമുണ്ടു്. വൈദികമതമായ ഹിന്ദുമതം ഒരു മതമല്ല, സകലമതസഞ്ചയമാകുന്നു. മനുഷ്യനു ചല പടിയിൽവച്ചുണ്ടാകുന്ന എല്ലാവിധ അനുഭൂതികളും അതിൽ രേ

ഖപ്പെടുത്തിയിട്ടുണ്ട്. നാസ്തികമതം, ശൂന്യവാദിമതം, ബഹുദേവമതം, ഏകദേവമതം, ഏകത്വമതം തുടങ്ങിയ എല്ലാ മതങ്ങളും അതിലുണ്ട്. ഇതു വെള്ളക്കാരനായ മാക്സ് മുള്ളർതന്നെ സമ്മതിച്ചിട്ടുണ്ട്. വേദത്തിൽ ഇല്ലാത്ത ഒരു പുതിയ മതവുമില്ലതന്നെ. "മരണംതന്നെ മോക്ഷം. അതിനമീതെ ഒരു മോക്ഷമില്ല." "ചുട്ടു വെണ്ണീറാക്കപ്പെട്ട ദേഹത്തിന്നുണ്ടോ പുനർജ്ജന്മം!" എന്നും "സകലതും ആദിയിൽ ശൂന്യമായിരുന്നു. അതിൽനിന്ന് എല്ലാം ഉണ്ടായി" എന്നും "ശ്വാസംതന്നെ ആത്മാവു്" എന്നും വാദിയ്ക്കുന്ന നാസ്തികമതവും 'വിജ്ഞാനംതന്നെ ആത്മാ' എന്നു വാദിയ്ക്കുന്ന മതവും എല്ലാം വേദത്തിൽ സ്ഥലംപിടിച്ചിട്ടുണ്ട്. കാരണവും കാര്യവും തമ്മിൽ സംബന്ധമില്ലെന്നു വാദിക്കുന്ന ബാലിശമതത്തിന്നും അതിൽ സ്ഥാനമുണ്ട്. ഇതുകൊണ്ടാണ് അതിനെ മതങ്ങളുടെ മാതാവെന്നു പറയുന്നതു്. എന്നാൽ ഇവയിൽ വേദാന്തമൊഴിച്ചു ബാക്കിയെല്ലാം യുക്തിവാദത്തിന്റെ മുദ്ഗരാഘാതമേററു തകൎന്നുപോയി. ഇന്നു ശേഷിച്ചിട്ടുള്ളതു വേദാന്തത്തിന്റെ മൂന്നു ശാഖകളായ ദ്വൈതം, വിശിഷ്ടാദ്വൈതം, അദ്വൈതം എന്നിവ മാത്രമാണ്. ഇവ ഓരോന്നുംതന്നെ നാനാഭാവത്തിൽ സ്ഥിതിചെയ്യുന്നു. ഇവയിലും കാലാന്തരത്തിൽ സയിൻസിന്റെ പുരോഗതികൊണ്ടു് അദ്വൈതമൊഴിച്ചു ബാക്കിയെല്ലാം തകരാൻ പോകുന്നു. അദ്വൈതത്തോടു യോജിച്ച ദ്വൈതവും വിശിഷ്ടാദ്വൈതവുംമാത്രമേ ഇനി നിലനില്ക്കു. അതിന്നുമാത്രമേ യുക്തിവാദത്തെ ജയിച്ചുനില്ക്കാൻ സാധിയ്ക്കു. അദ്വൈതത്തിന്റെ വിശേഷങ്ങളെ പറയുംമുമ്പു് മൂന്നിന്നും പൊതുവെയുള്ള ചില ധൎമ്മങ്ങൾ പറയുന്നു. ഈശ്വരനുണ്ടെന്നു വിശ്വസിക്കുന്ന

എല്ലാ മതങ്ങളും ഈ മൂന്നിൽ ഒരുപക്ഷത്തിൽ നില്ക്കേണ്ടി വരും. ഒന്നുകിൽ ഈശ്വരനും ജീവനും ജഗത്തും ഭിന്നം. അതായതു സ്രഷ്ടാവും സൃഷ്ടിയും രണ്ട്, അല്ലെങ്കിൽ സ്രഷ്ടാവിൻെറ അംശമാണു് സൃഷ്ടി; അതുമല്ലെങ്കിൽ സ്രഷ്ടാവ് സൃഷ്ടി എന്ന് രണ്ടില്ല. ഒന്നേയുള്ളു. ഈ മൂന്നുനിലയിൽ ഉൾപ്പെടാത്തതായി ഈശ്വരമതം ഒന്നും യുക്തിയോടുകൂടിയതായി ഉണ്ടാകയില്ല. ഹിന്ദുമതത്തിലെ ഈ മൂന്നു പ്രധാന മതങ്ങളും സൃഷ്ടി അനാദിയെന്നു പറയുന്നു.

ഹിന്ദുമതം—അതിൻെറ ഇന്നുകാണുന്ന ഒരു ശാഖയും—ശൂന്യത്തിൽനിന്നുള്ള സൃഷ്ടിയിൽ വിശ്വസിക്കുന്നില്ല. ഈശ്വരൻ ഒന്നുമില്ലാത്തതിൽനിന്ന് ആത്മാക്കളേയും ജഗത്തിനേയും സൃഷ്ടിച്ചു എന്ന് അവർ സമ്മതിക്കുന്നില്ല. ശൂന്യത്തിൽനിന്നു സൃഷ്ടി എന്നതു സയൻസിനും യുക്തിയ്ക്കും സമ്മതമല്ല. ഉപാദാനകാരണം (material cause) ഇല്ലാതെ എന്തെങ്കിലും വസ്തു ഉണ്ടാകുമോ? മണ്ണില്ലാതെ കുടവും നൂലില്ലാതെ മുണ്ടും തടിയില്ലാതെ മരക്കട്ടിലും ഉണ്ടായതായി ആരെങ്കിലും കണ്ടിട്ടുണ്ടോ? ഉണ്ടാകുമെന്നു ആക്കെങ്കിലും വിശ്വസിക്കാമോ? ഇവിടെയാണു് സയിൻസും യുക്തിയും ഒരു ഭാഗത്തും ചില മതങ്ങൾ മറെറാരുഭാഗത്തുമായി അതികലശലായ യുദ്ധം നടക്കുന്നതു്. ഈ യുദ്ധം ഹിന്ദുമതത്തെ ബാധിയ്ക്കുന്നില്ല.

“ഈശ്വരൻ സൎവ്വശക്തനാണു്. അതുകൊണ്ടുണ്ടാക്കി” എന്നുപറഞ്ഞാൽ “എന്തിനുണ്ടാക്കി” എന്നചോദ്യം വരുമ്പോൾ അതിനെന്തുപറയും? എന്നുതന്നെയല്ല; അങ്ങ

നെയാണുണ്ടാക്കിയതെന്നുള്ളതിന്നു തെളിവെന്തു്? പുസ്തകത്തിൽ — ശൂന്യസൃഷ്ടിവാദികളുടെ മതഗ്രന്ഥത്തിൽ — പറഞ്ഞതുകൊണ്ടു് അതു വിശ്വസിക്കണമെന്നു പറഞ്ഞാൽ കുറേക്കൂടി യുക്തിയുക്തമായി കാര്യംപറയുന്ന പുസ്തകത്തിൽ എന്തുകൊണ്ടു വിശ്വസിച്ചുകൂടാ? ഇരിക്കട്ടെ. ഈശ്വരൻ ശൂന്യത്തിൽനിന്നു ജീവന്മാരെ ഉണ്ടാക്കിയതെന്തിനു്? തന്റെ സുഖത്തിനോ ആ ജീവന്മാരുടെ സുഖത്തിനോ? 'തന്റെ സുഖത്തിനു്' എന്നു പറഞ്ഞാൽ അതിനുമുമ്പു് ഈശ്വരനു സുഖം ഒട്ടുംതന്നെയില്ലായിരുന്നുവെന്നോ കുറഞ്ഞപക്ഷം പൂർണ്ണസുഖമെങ്കിലും ഇല്ലായിരുന്നുവെന്നോ പറയേണ്ടിവരും? അപ്പോൾ ഈശ്വരൻ സൃഷ്ടിയ്ക്കുമുമ്പു് അപൂർണ്ണനായിരുന്നെന്നാകും. "ജീവന്മാരുടെ സുഖത്തിനു്" എന്നുപറഞ്ഞാൽ 'എല്ലാ ജീവന്മാരും സുഖമനുഭവിയ്ക്കുന്നതായി കാണാത്തതെന്തു്?' എന്നതിനു മറുപടി പറയണം.

"അവരുടെ അജ്ഞതകൊണ്ടു്, അല്ലെങ്കിൽ ഈശ്വരാജ്ഞയെ അനുസരിക്കായ്കകൊണ്ടു്" എന്നുപറഞ്ഞാൽ ആ അജ്ഞതയ്ക്കും അനുസരണക്കേടിനും കാരണമായ ബുദ്ധി അവൎക്കു ആരുകൊടുത്തു? അനുസരിക്കാതെ നടക്കണമെന്നു തോന്നത്തക്ക തലച്ചോറു് ആരുണ്ടാക്കി? എല്ലാ മനുഷ്യരേയും ഒരുപോലെ സൃഷ്ടിക്കാഞ്ഞതെന്തു്? ചിലരെ ധനവാന്മാരും മററുചിലരെ ദരിദ്രന്മാരും ചിലരെ ഈശ്വരവിശ്വാസികളും ചിലരെ നിരീശ്വരന്മാരും ചിലരെ ബുദ്ധിമാന്മാരും മററുചിലരെ മൂഢന്മാരുമായും ചിലരെ സൽകുലത്തിലും മററുചിലരെ ദുഷ്കുലത്തിലും ചിലരെ സദാചാരപ്രസക്തിയോടും മററുചിലരെ ദുരാചാരപ്രസക്തിയോടും സൃഷ്ടിച്ചതെ

ന്തുകൊണ്ടു്? "ഈശ്വരന്റെ മഹിമ കാട്ടാൻ" എന്നുപറ ഞ്ഞാൽ "ആരെ കാട്ടാൻ? എല്ലാവക്കും ആ മഹിമ മന സ്സിലാക്കാൻ ശക്തിയില്ലാതാക്കിയതെന്തു്? കാട്ടിയിട്ടും കാ ണാത്തവർ കാണാതിരിക്കാനുള്ള കാരണക്കാരൻ ആരു്?" എന്നു ചോദ്യം. ശൂന്യസൃഷ്ടിയിൽ വിശ്വസിക്കുന്നവക്കു് ഈ ശ്വരൻ അസമത്വത്തിന്റെ ചുവടും നിർഘൃണനും ആണെ ന്നോ അപൂൎണ്ണനെന്നോ സമ്മതിക്കാതെ തരമില്ല. ഇതിനു മീതെ ഒരു ഈശ്വരനിന്ദയെന്താണു്? അതുകൊണ്ടു് ഹിന്ദു മതം ശൂന്യസൃഷ്ടിയിൽ വിശ്വസിക്കുന്നില്ല.

സൃഷ്ടി അനാദിയെന്നു വരുമ്പോൾ ജീവന്മാർ ഈ ശരീരത്തിൽ പ്രവേശിക്കുന്നതിനുമുമ്പു് എവിടെയെങ്കിലും ഇരിക്കണമെന്നും ഈ ശരീരത്തിൽ പ്രവേശിക്കുന്നതിനു് ഒരു കാരണമുണ്ടായിരിക്കണമെന്നും അതു തന്റെ കമ്മം തന്നെയായിരിക്കണമെന്നും വരുന്നു. ഈശ്വരനു് ഓരോ ജീവനെ ഓരോതരം ശരീരത്തിൽ പ്രവേശിപ്പിക്കാൻ സ്വബു ദ്ധ്യാ യാതൊരു കാരണവുമുണ്ടാകാൻ തരമില്ല. ഒരു ജീവ നെ കണ്ണില്ലാത്ത ദേഹത്തിലും മറെറാന്നിനെ ചെവിയില്ലാ ത്ത ദേഹത്തിലും പിന്നൊന്നിനെ കുഷ്ഠരോഗികളായ മാതാ പിതാക്കന്മാരുടെ ഗഭത്തിലും വേറൊന്നിനെ സവ്വാംഗസുന്ദര മായും സവതോബലിഷ്ഠമായും ഉള്ള ശരീരത്തിലുമിടാൻ കാര ണമില്ല. ജീവന്റെ കമ്മംതന്നെയായിരിക്കണം ഈശ്വര നെ അപ്രകാരം ചെയ്യാൻ പ്രേരിപ്പിക്കുന്നതു്. കമ്മം ശരീരമില്ലാതെ സാദ്ധ്യവുമല്ല. അതിനാൽ ലോകത്തിലെ അസമത്വത്തിനു സമാധാനം പറയാൻ പൂവ്വജന്മസിദ്ധാ ന്തം സമ്മതിച്ചേ തീരൂ. നല്ല ശരീരത്തിൽ പോകുന്നതിനും

ചീത്ത ശരീരത്തിൽ പോകുന്നതിന്നും താൻതന്നെ ഉത്തരവാദി. ചീത്ത ശരീരത്തെ നല്ലതാക്കുന്നതിന്നും താൻതന്നെ കാരണക്കാരൻ. നല്ലതിനെ ചീത്തയാക്കുന്നതും താൻതന്നെ.

ഹിന്ദുമതഗ്രന്ഥങ്ങളിൽ ലോകസൃഷ്ടിയെന്നു പറയുന്നതു പിന്നെ എന്തിനെയാണ്? കേവലം ഉൽക്രാന്തിയെ (evolution) അതും ഓരോ ഉൽക്രാന്തിയും അതിന്റെ അപക്രാന്തിയോട് മുമ്പും പുറകും ഘടിപ്പിക്കപ്പെട്ടിരിക്കുന്നു അവ്യവസ്ഥമായിത്തീരുന്ന പഞ്ചഭൂതസഞ്ചയത്തെ സവ്യവസ്ഥമാക്കുന്നതു സൃഷ്ടി. വീണ്ടും അവ്യവസ്ഥമാക്കുന്നതു പ്രളയം. ഓരോ പ്രളയത്തിന്നും മുമ്പും പിമ്പും സൃഷ്ടി. ഓരോ സൃഷ്ടിക്കും മുമ്പും പിമ്പും പ്രളയം. ഇതാണു ക്രമം. ഇങ്ങനെ അനാദ്യന്തമായി പ്രപഞ്ചം നടക്കുന്നു.

ഇങ്ങനെ അനാദ്യന്തമാണു ജന്മമെങ്കിൽ മോക്ഷമെങ്ങനേ? ഇവിടെയാണു ദ്വൈതികളും വിശിഷ്ടാദ്വൈതികളും അദ്വൈതികളും പിരിയുന്നത്. ജീവാത്മാ ജനനമില്ലാത്തവനും നിത്യനും ശാശ്വതനും പുരാണനുമാണെന്നും ശരീരത്തിന്റെ ധർമ്മങ്ങളായ ജന്മജരാമരണാദികൾ ആത്മാവിനെ സ്പർശിക്കുന്നില്ലെന്നും മൂന്നുകൂട്ടരും സമ്മതിക്കുന്നു. മായയാണ് ബന്ധത്തിനു കാരണം. മായയെന്നാൽ എന്ത്? ദേഹം, മനസ്സ്, ബുദ്ധി മുതലായവ ഞാനെന്ന ഭാവം. ഇത് അജ്ഞാനത്താലുണ്ടാകുന്നു. അജ്ഞാനം ജ്ഞാനത്തിൽ നശിക്കുന്നു. ജ്ഞാനം എന്തിനെപ്പററിയാണ്! തന്റെ സ്വരൂപത്തെപ്പററിയുള്ള ജ്ഞാനമെന്ന് അദ്വൈതി. ഭഗവത്സ്വരൂപത്തെപ്പററിയ ജ്ഞാനമെന്നു മററുള്ളവർ. ഭഗ

വത്സപത്രപജ്ഞാനം, ഭഗവന്മഹിമ മുതലായവയറിയുമ്പോൾ ഭഗവാൻെറ അനുഗ്രഹമുണ്ടാകുമെന്നും അങ്ങനെ അജ്ഞാനത്തിൽനിന്നു മോചനം കിട്ടുമെന്നും നശ്വരമായ ശരീരത്തിലുള്ള അഹന്തയും മമതയും നശിച്ചു ഭഗവദനുഗ്രഹത്താൽ കിട്ടുന്ന നിത്യകല്യാണമയമായ ശരീരത്തോടു കൂടിയവരായി ഭഗവൽസാരൂപ്യ, സാമീപ്യ, സാലോക്യരൂപങ്ങളായ മോക്ഷം കിട്ടുമെന്നും അവർ പറയുന്നു. എന്നാൽ അദ്വൈതിയാകട്ടെ ഈ സാലോക്യ, സാരൂപ്യ, സാമീപ്യങ്ങളെ മുക്തിയായി കരുതുന്നില്ല. അദ്വൈതവേദാന്തമാണ് ഹിന്ദുമതത്തിൻെറ ജീവനെന്നു ഞാൻ കരുതുന്നു. അദ്വൈതത്തിനു മാത്രമെ യുക്തിവാദത്തെ ഭയപ്പെടാതെ നില്ക്കാൻ സാധിക്കു

ഒന്നാമതു സാലോക്യമോ സാരൂപ്യമോ സാമീപ്യമോ യഥാർത്ഥമോക്ഷമാകുമോ എന്നു നോക്കുക. മോക്ഷമെന്നാൽ എന്തു്? വിടുതൽ. സകലവിധ ദുഃഖങ്ങളും വിടുകയാണ് മനുഷ്യൻെറ ലക്ഷ്യം. ദുഃഖമുള്ള അവസ്ഥ മോക്ഷമാകയില്ല. സാലോക്യമോ സാരൂപ്യമോ സാമീപ്യമോ ദുഃഖത്തെ എന്നേക്കും ശമിപ്പിക്കുമോ? "ദ്വിതീയാദ്വൈഭയം ഭവതി" എന്നു വേദം പറയുന്നു. രണ്ടുണ്ടെങ്കിൽ തീർച്ചയായും ഭയമുണ്ടു്. രണ്ടുപേർ എവിടെ താമസിക്കുന്നുവോ അവിടെ ഒരുവന്നു് എപ്പോഴും മററാരുവനിൽനിന്നു ഭയമുണ്ടു്. അവർ തമ്മിൽ സ്നേഹമാണെങ്കിൽ കൂടിയും ഭയമുണ്ടു്. എന്തെന്നാൽ തൻെറ ഏതെങ്കിലും പ്രവൃത്തി സ്നേഹിതൻെറ സ്നേഹത്തിനു ഹാനി വരുത്തുന്നതിനോ അപ്രീതിയ്ക്കോ കാരണമാകുമോ എന്ന ഭയം. വിരോധമാണെങ്കിലും ഭയം. ഈശ്വരൻ എന്നൊരാൾ സർവ്വാധികാരിയായിരിക്കുന്നുവെന്നു കാ

ണനിടത്തു്, അദ്ദേഹം എത്ര കാരുണികനാണെന്നിരുന്നാൽ കൂടിയും, മനസ്സ ശങ്കാകുലമായിരിക്കുമെന്നുള്ളതിനാൽ ഭയമുണ്ടു. അതിനുംപുറമെ തന്നെപ്പോലെയുള്ള അസംഖ്യം മററാത്മാക്കൾകൂടി അവിടെ ഉണ്ടെങ്കിൽ പരസ്പരം അഭിപ്രായഭേദത്തിന് ഇടവരാമെന്നുള്ളതിനാൽ ഭയംകൊണ്ടു നിറഞ്ഞതാണ ആ സ്ഥലം. അത്രമാത്രമല്ല; ഒരുവന്നു ഈശ്വരസന്നിധിയിൽ കൂടുതൽ സ്വാതന്ത്ര്യമുണ്ടെന്നും മറെറാരുവന് ഇല്ലെന്നും വരുമ്പോൾ ആ കുറവുള്ള ഏതൊരുവന്നാണ ദുഃഖം തോന്നാതിരിക്കുക? "ഈശ്വരന്റെ ഇഷ്ടംപോലെ നടക്കട്ടെ" എന്നു സമാധാനിക്കുന്നുവെങ്കിൽ അതു നിരാശയുടെ ഒരു ധ്വനിമാത്രമല്ലയോ? തന്റെ ഇഷ്ടവസ്തുവിനോടു ഏററവും അടുത്തിരിക്കാനും അതിന്റെ ഏററവും കൂടിയ അനുഗ്രഹത്തിനു പാത്രമാകാനും മനസ്സിൽ ആഗ്രഹം ഏതെങ്കിലും വസ്തുവിനെ സ്നേഹിക്കുന്ന ഏതൊരുവനാണ് ഇല്ലാതിരിക്കുക? അതിനാൽ അസമത്വപൂർണ്ണമായ വൈകുണ്ഠത്തേയോ കൈലാസത്തെയൊ തത്തുല്യങ്ങളായ ലോകങ്ങളിലേയൊ വാസമോ തത്തന്നാമങ്ങളാൽ വ്യവഹരിച്ചുവരുന്ന ഒരു ഈശ്വരന്റെ സാമീപ്യമോ സാരൂപ്യമോ പരമമുക്തിയാകയില്ല. എല്ലാവർക്കും അവിടെ സമത്വമാണ് എന്നു പറഞ്ഞാൽ അതും സംഭാവ്യമല്ല. പിന്നെ ഈശ്വരന്നും മുക്തജീവന്മാർക്കും തമ്മിൽ എന്താണ വ്യത്യാസം? അവിടെ എല്ലാവരും ഈശ്വരന്മാർതന്നെയോ? അപ്പോൾ ഇതിനകം എത്ര ഈശ്വരന്മാർ ഉണ്ടായിക്കഴിഞ്ഞു? ഇവരെല്ലാം യോജിച്ചോ മേലിൽ വരുന്ന ജീവന്മാർക്കു മുക്തികൊടുക്കുന്നതു്? ഇവരിൽ ആരെ ഭജിച്ചാലും മുക്തികിട്ടുമോ? അഥവാ എല്ലാവരേയും ഭജിക്കണമൊ? എന്നാൽ ഒരു ഈ

ശ്വരനെ വിശ്വസിച്ചാൽ മോക്ഷം കിട്ടുകയില്ലല്ലൊ. ഇവരുടെയെല്ലാം എണ്ണവും പേരും മനുഷ്യനറിഞ്ഞുംകൂടാ. ഇവരിൽ ആൎക്കും അവനവനെ ഭജിക്കുന്നവൎക്ക് മോക്ഷംകൊടുക്കാമെന്നു പറഞ്ഞാൽ പിന്നെ ആദ്യത്തെ ഈശ്വരന്നു പെൻഷൻ കൊടുക്കാമല്ലൊ. പുറമെ ഇവരിൽ ചിലൎക്കു കൂടുതൽ ഭക്തന്മാരെ കിട്ടുന്നതുകൊണ്ടു മററുചിലൎക്ക് അസുഖമുണ്ടോ ആവോ? ആരെ ഭജിച്ചാലും എല്ലാവരും യോജിച്ചു മോക്ഷംകൊടുക്കുമെന്നു പറഞ്ഞാൽ വോട്ടു എടുക്കുമ്പോഴം അഭിപ്രായഭേദം വന്നാലോ? അതിനാൽ ദ്വൈതികളുടെ വൈകുണ്ഠമോ കൈലാസമോ നിത്യസ്വൎഗ്ഗമോ എല്ലാം അസമത്വപൂൎണ്ണമാകുന്നു. അവരുടെ സ്ഥാനം പതനമില്ലാത്തതല്ലെന്നും അവരുടെ പുസ്തകങ്ങളിൽ ഘോഷിക്കുന്നു. വൈകുണ്ഠത്തിൽനിന്നു ജയവിജയന്മാർ പതിച്ചു. ക്രിസ്ത്യാനികളുടേയും മഹമ്മദരുടേയും സ്വൎഗ്ഗത്തുനിന്നു മാലാഖയും കൂട്ടരും പതിച്ചു. ആ സ്ഥാനം ഡംഭാദിദോഷമൊഴിഞ്ഞതുമല്ല. മാലാഖയ്ക്കും ഗരുഡനും ഡംഭുവന്നതായി അവരുടെ പുസ്തകങ്ങളിൽതന്നെ പറയുന്നു. ഡംഭുവരാനിടയുള്ളിടത്തു് അസമത്വം തീർച്ചയായും ഉണ്ടു്. സനകാദികൾക്കുള്ള സ്ഥാനം വൈകുണ്ഠത്തു ജയവിജയന്മാൎക്ക് ഒരിക്കലും ഇല്ലെന്നുള്ളതും അസമത്വം തെളിയിക്കുന്നതാണ്. അതിനാൽ ഈ മതങ്ങൾ ഈശ്വരസന്നിധിയിൽ അനുഭവിക്കുന്ന നിത്യമായ അസമത്വം മനുഷ്യന്റെ പരമലക്ഷ്യമാക്കുന്നവയാകുന്നു.

"യോ വൈ ഭൂമാ തൽസുഖം; നാല്പെ സുഖമസ്തി; ഭൂമൈവസുഖം" എന്നു വേദം പറയുന്നു. വലുതായിരിക്കു

ന്നതിലെ സുഖമുള്ളു. ചെറുതിൽ സുഖമില്ല. വലിപ്പം തന്നെ സുഖം. ഓരോ മനുഷ്യന്റെയും ആഗ്രഹമെന്താണ്? അനന്തനാകാൻ; അപരിമിതനാകാൻ; കാലത്തിൽ മാത്രമല്ല; ദേശത്തിലും. കാലത്തിൽ അപരിമിതനായാലും ദേഹത്തിൽ പരിമിതനായാൽ സുഖമില്ല. ഈ ആഗ്രഹം അദ്വൈതപ്രാപ്തികൊണ്ടല്ലാതെ എങ്ങിനെ നിവൎത്തിക്കും? ഈ ആഗ്രഹം ഈശ്വരനുണ്ടാക്കിയതാണെങ്കിൽ അതു നിവൎത്തിപ്പിക്കേണ്ടതു് ഈശ്വരന്റെ ധൎമ്മമല്ലെ? അല്ല; സ്വാഭാവികമാണെങ്കിൽ അതു നിവൎത്തിക്കുന്നതുവരെ സുഖം കാണുമോ? ഇടയ്ക്കുവച്ചു് "അതു കിട്ടാത്തതു്. കിട്ടാൻ ഈശ്വരൻ വിധിച്ചിട്ടില്ല" എന്നുപറഞ്ഞു മടങ്ങുന്നിടത്തു വാസ്തവത്തിൽ നിരാശയല്ലെ ഉള്ളതു്? നിരാശയിൽ ദുഃഖബീജം എന്നും ഉണങ്ങാതെ കിടക്കുന്നില്ലെ?

ഇനി സ്വേച്ഛാപ്രഭുവായ ഒരു ഈശ്വരന്റെ അധികാരത്തിൻകീഴിലുള്ള ഒരു ലോകത്തു് വസിക്കുന്നതിൽ എന്തുസ്വാതന്ത്ര്യമാണുള്ളതു്? എന്നും നോക്കണം. അതിനാൽ അദ്വൈതമതപ്രകാരമുള്ള ഒരു പരമലക്ഷ്യത്തിൽ സമത്വമില്ല; സ്വാതന്ത്ര്യമില്ല; പൂൎണ്ണസുഖമില്ല; മനുഷ്യന്റെ പരമലക്ഷ്യം സാധിക്കുന്നില്ല.

ഇനി ഈശ്വരന്റെ സ്വരൂപം നോക്കിയാലും ദ്വൈതം സത്യമാകയില്ല. ഈശ്വരൻ സൎവ്വവ്യാപിയായിരിക്കണം. ഒരു പ്രത്യേകസ്ഥലത്തു് പരിമിതനാണെങ്കിൽ സ്വരൂപനാണു്. സ്വരൂപനാണെങ്കിൽ നാശമുള്ളവനാണു്. നാശമുള്ളവനാണെങ്കിൽ നിത്യനല്ല. അപ്പോൾ ഈശ്വർ

നം മരിച്ചുപോകും. അപ്പോൾ അയാളെ സൃഷ്ടിച്ച ഒരാളും ഉണ്ടാകണം. അതിനും പുറമെ പരിമിതനാണെങ്കിൽ സുഖമില്ലാത്തവനും ആകും. അരൂപനെങ്കിൽ ദേശത്താലും കാലത്താലും പരിമിതനല്ലാതിരിക്കണം. ദ്വൈതികൾക്ക് ഈശ്വരൻ പരിമിതനെന്നു പറയാതെ തരമില്ല. സർവ്വവ്യാപിയെന്നു എപ്പോൾ പറയുന്നുവോ അപ്പോൾ അദ്ദേഹമല്ലാതെ മറെറാരു വസ്തുവുണ്ടെന്നു പറയാൻ വഴിയില്ല. പറഞ്ഞാൽ ആധാരമായ വസ്തുവും ആധേയമായ വസ്തുവും രണ്ടാകയാൽ പ്രകൃത്യാ ആധാരത്തിൽ ആധേയമായ ഈശ്വരനുണ്ടായിരുന്നില്ലെന്നു സമ്മതിക്കേണ്ടിവരും. "തൽ സൃഷ്ട്വാ തദേവാനുപ്രാവിശൽ" എന്ന വാക്യം അക്ഷരാൎത്ഥത്തിൽ യുക്തിയുക്തമായി സമൎത്ഥിക്കാവതല്ല. ഈശ്വരൻ അംശം കൊണ്ടു പ്രപഞ്ചമായി എന്ന വിശിഷ്ടാദ്വൈതവാദവും യുക്തിസമ്മതമല്ല. "അംശംകൊണ്ടു പ്രപഞ്ചമായി" എന്നു പറഞ്ഞാൽ അംശത്തിനു വികാരം വന്നുവെന്നു സമ്മതിക്കേണ്ടിവരും. അപ്പോൾ അതു വികാൎയ്യമാണെന്നു വരും. അംശം വികാൎയ്യമെങ്കിൽ എന്തുകൊണ്ടു മുഴുവൻ വികാൎയ്യമല്ല? വികാരം പ്രാപിക്കുന്ന അംശവും അവികാരിയായി നിൽക്കുന്ന അംശവും രണ്ടുതരം വസ്തുക്കളാൽ ഉണ്ടാക്കപ്പെട്ടതാണോ എന്ന ചോദ്യത്തിന് ഉത്തരം ഉണ്ടാകേണ്ടിയിരിയ്ക്കും. ഇങ്ങനെ ദ്വൈതവും വിശിഷ്ടാദ്വൈതവും യഥാൎത്ഥ മോക്ഷത്തെ തരുന്നില്ല. അതിനു പുറമെ അമൃതനദിയും നല്ല ശാപ്പാട്ടും ഉൎവ്വശീനന്ദനോദ്യാനവും തത്തുല്യങ്ങളായ ഭൗതികസ്ഥാനങ്ങളും ഒരുകാലത്തും മോക്ഷസ്ഥാനമാകയില്ല. ഇവയിൽ കൊതിക്കുന്നവൎക്ക് മോക്ഷം ഒരുകാലത്തും കിട്ടുകയും ഇല്ല. അതിനാൽ വേദം പറയുന്നു;

"മൃത്യോഃ സമൃത്യുമാപ്നോതി
യ ഇഹ നാനേവ പശ്യതി."

"ഇവിടെ പലതെന്നപോലെ കാണുന്നവൻ മരണത്തിൽനിന്നു മരണം പ്രാപിക്കുന്നു"വെന്നു്.

ഹിന്ദുമതത്തിലെ ഏററവും ഉച്ചശാഖയായ അദ്വൈതപ്രകാരം മോക്ഷം സമത്വത്തിൻേറയും സ്വാതന്ത്ര്യത്തിന്റേയും നിത്യാനന്ദത്തിന്റേയും സ്ഥാനമാകുന്നു. അതു പുനരാവൃത്തിയില്ലാത്തതാകുന്നു. അതു പ്രാപിക്കാനുള്ള വഴിയും അവനവൻെറ കയ്യിലാകുന്നു. ജ്ഞാനംകൊണ്ടാണ് അതു പ്രാപിക്കേണ്ടതു്. ജ്ഞാനമാകട്ടെ വിവേകം, വൈരാഗ്യം, എന്നിവയാലും സദ്ഗുരുകടാക്ഷത്താലും സിദ്ധിക്കുന്നു. അതു പുരോഹിതതന്ത്രത്തിന്നധീനമല്ല. സദ്ഗുരു പുരോഹിതനല്ല. അകാമഹതനും പാപലേശമില്ലാത്തവനും സർവ്വം സമമായി കാണുന്നവനും സ്വാത്ഥതാഗന്ധംപോലുമില്ലാത്തവനുമാണ് സദ്ഗുരു.

"സദ്യസ്തരതിസംസാരസാഗരം ഗുർവ്വനുഗ്രഹാൽ."

ഗുരുലാഭത്തിനും കഷ്ടപ്പാടില്ല. മനസ്സ പാകമാകുമ്പോൾ ഗുരു തനിയെ വന്നുചേരുന്നുവെന്നാണ ഹിന്ദുമതസിദ്ധാന്തം. ഒരിക്കൽ ഗുരുവായി നല്ലയാളെന്നുവച്ചു സ്വീകരിച്ചയാളെ ദുഷ്ടനെന്നറിഞ്ഞാൽ ത്യജിക്കാനും ഹിന്ദുമതത്തിൽ സ്വാതന്ത്ര്യമുണ്ടു്. മോക്ഷം ഈ ജന്മത്തിൽ – ഈ ശരീരത്തിൽ— ഇരിക്കുമ്പോൾതന്നെ ദേഹസ്ഥനല്ലാതായിട്ടു് അനുഭവിക്കാമെന്നാണ് ആചാര്യോപദേശം. ഇതുകൊ

ങ്ങാണ് ഹിന്ദുമതം നാസ്തികഹൃദയത്തെ ഭയപ്പെടാത്തതു്. മരണശേഷം മോക്ഷമോ സ്വൎഗ്ഗമോ ഉണ്ടെന്നു പറഞ്ഞാൽ അതിനു തെളിവു ഒന്നും ഇല്ല. എന്നാൽ അദ്വൈതപ്രകാരമുള്ള മോക്ഷം പ്രത്യക്ഷവേദ്യമാണ്. അജ്ഞാനനാശത്തിൽ മോക്ഷം ഇവിടെവച്ചുതന്നെ അനുഭവിക്കുന്നു. "അത്ര ബ്രഹ്മ സമശ്നതെ" അതിനു കാലതാമസവുമില്ല. അതു കിട്ടണമെന്നു ആഗ്രഹം തീവ്രമായുണ്ടെങ്കിൽ അഞ്ചുമിനിട്ടിൽ—വേണ്ടാ അതിലും കുറഞ്ഞ സമയത്തു്—അതു് അനുഭവിക്കാവുന്നതാണ്. ഇവിടെ വച്ചു് അനുഭവിക്കാമെന്നു മാത്രമല്ല വേദം പറയുന്നതു്. അതു് അനുഭവിക്കാത്തവന്റെ ജന്മം വ്യൎത്ഥമാണെന്നുകൂടി വേദങ്ങൾ ഘോഷിക്കുന്നു. ഇതുകൊണ്ടാണ് ഞങ്ങൾ യുക്തിവാദത്തെ ഭയപ്പെടാത്തതു്. ഞങ്ങൾ അനുഭവവാദികളാകുന്നു. ഞങ്ങൾ നാസ്തികന്മാരെ വെല്ലുവിളിക്കുന്നു. നാസ്തികവാദത്തെ ഞങ്ങൾക്കു ഭയമില്ല. ഞങ്ങൾ അനുഭവിക്കുന്ന വസ്തു ഇല്ലെന്നു് ആൎക്കു പറയാൻ കഴിയും? മതത്തിന്റെ പരമലക്ഷ്യം അനുഭവവേദ്യമാകുന്നു. വിവേകവൈരാഗ്യാദികളോടുകൂടി "ഞാൻ ആരു്?" എന്നറിയുക. ഈശ്വരനെ തൊടേണ്ട. "Know Thyself and you shall then know God" എന്നു ശ്രീരാമകൃഷ്ണദേവൻ പറയുന്നു. നിന്നെ അറിയുക; അപ്പോൾ ഈശ്വരൻ അറിയപ്പെടും. നിൻെറ ആത്മാവില്ലെന്നു നിനക്കു വാദിക്കുവാൻ കഴിയുമോ? വാസ്തവമായ നീ ആരു്? ദേഹമോ ബുദ്ധിയോ മനസ്സോ? അഭ്യാസംചെയ്തു് അന്തൎമ്മുഖമായി നോക്കുക. അപ്പോൾ അറിയാം; ആ നീ സച്ചിദാനന്ദരൂപമാണെന്നും സകല ചരാചരങ്ങളിലും നിറഞ്ഞിരിക്കുന്ന വസ്തുവാണ് നീയെന്നും നിനക്കു അറിയാറാകും. ഇതിന്റെമീതെ എ

ന്തൊരാനന്ദമാണു വേണ്ടതു്? ഈ നിത്യാനന്ദം കിട്ടാൻ ഭാഗ്യംവന്നാവനല്ലേ ഭാഗ്യവാൻ?

നീ വാസ്തവത്തിൽ ഈശ്വരൻതന്നെയാകുന്നു.

അഖണ്ഡസൌഖ്യക്കടലാ-
മെന്നിൽ ബ്രഹ്മാണ്ഡവീചികൾ
ഉണ്ടാകുന്നു; ലയിക്കുന്നു
മായക്കാററിൻെറ ശക്തിയാൽ

എന്നു അറിഞ്ഞാൽ നീയല്ലാതെ പിന്നൊരു സൃഷ്ടികത്താവാരു്? നീയും ഈശ്വരനും ഒന്നുതന്നെ. രണ്ടുണ്ടാകാൻ തരമുണ്ടോ?

"ഏകമേവാദ്വിതീയം"

"ഒന്നല്ലാതെ രണ്ടില്ല രണ്ടായ്ക്കാണ്മതുമിഥ്യാബോധം" എന്നല്ലെ വേദം പറയുന്നതു്?

ഹിന്ദുമതപ്രകാരം ഈശ്വരൻ പലതുണ്ടെന്നു ചിലർ പറയുന്നു. മതതത്വം അറിയാത്തവർ ധരിച്ചുവയ്ക്കുയും ചെയ്യുന്നു.

"പുരുഷഏവേദം സവ്വം"
ഏകം സദ്വിപ്രാബഹുധാവദന്തി"

ഇക്കാണുന്നതെല്ലാം ഈശ്വരൻതന്നെ. ഒന്നായ പരമാത്മവസ്തുവിനെ പഠിപ്പുള്ളവർ പലതായി പറയുന്നു.

വസ്തു ഒന്ന്, പലപേരു്. വാസ്തവത്തിൽ പേരും രൂപവുമില്ലാത്ത വസ്തുവിനു ചില സൌകര്യത്തിനായി പേരും രൂപവും പലതായി കല്പിക്കുക മാത്രമാണു് ചെയ്യുന്നതു്. ഹിന്ദുമത പ്രകാരം ഈശ്വരൻ ഒന്നേയുള്ളുവെന്നു മാത്രമല്ല, ഈശ്വരനല്ലാതെ മററൊന്നുമില്ലെന്നുംകൂടിയാണു് സിദ്ധാന്തം.

"നേഹ നാനാസ്തി കിഞ്ചന" എന്നു വേദം പറയുന്നു.

ഇവിടെ പലതില്ലതന്നെ. ആ ഈശ്വരന്റെ സ്വരൂപം എന്തു്?

"ശ്രോത്രസ്യ ശ്രോത്രം മനസൊ-
മനോ യദ്വാചോ ഹ വാചം
സ ഉ പ്രാണസ്യ പ്രാണഃ ചക്ഷുഷശ്ചക്ഷുഃ"

അദ്ദേഹം ചെവിക്കു ചെവിയും മനസ്സിനു മനസ്സും വാക്കിന്നു വാക്കും പ്രാണനു പ്രാണനും കണ്ണിനു കണ്ണും ആകുന്നു.

"അക്കാനലാദിവെളിവൊക്കെഗ്രഹിക്കുമൊരു
കണ്ണിന്നുകണ്ണുമനമാകുന്നകണ്ണതിന്നു്
കണ്ണായിനിന്നപൊരുൾ താനെന്നുറയ്ക്കുമള-
വാനന്ദമെന്തു ഹരി നാരായണായനമഃ""

എന്നു തുഞ്ചത്തെഴുത്തച്ഛൻ പാടിയിട്ടുണ്ടു്.

"ഏകോദേവഃസർവ്വഭൂതേഷുഗൂഢഃ"

എന്നു വേദം പറയുന്നു. ബ്രഹ്മാ വിഷ്ണു ശിവൻ എല്ലാം ഒന്നിൻെറ പേരുകളാകുന്നു. അതിനാൽ ഹിന്ദുമതം പല ഈശ്വരന്മാരിൽ വിശ്വസിക്കുന്നില്ല.

ഈശ്വരനും താനും ഒന്നെന്നും മോക്ഷംകൂടിയും തനിയ്ക്കധീനമെന്നും പഠിപ്പിക്കുന്നതിനാൽ ഹിന്ദുമതം fatalistic religion (വിധിയിൽ മാത്രം വിശ്വസിക്കുന്ന മതം) അല്ല. അതു faith in oneself (തന്നിൽതന്നെയുള്ള വിശ്വാസം) കൊടുക്കുന്നു. സ്വേച്ഛാധികാരിയായ ഒരു ഈശ്വരന്റെ താളത്തിനു തുള്ളാനുള്ള ഒരു മരപ്പാവയാക്കി മനുഷ്യനെ അതു കല്പിക്കുന്നില്ല. ഹാ! നമ്മുടെ മോക്ഷം നമ്മുടെ കയ്യിലാണെന്നറിയുമ്പോഠം എന്തൊരു ആനന്ദമാണ്; നാം എന്നും മറെറാരുവൻെറ ദാസന്മാരായിരിക്കുവാൻ ഉള്ളവരാണെന്നും മറെറാരാളുടെ പ്രീതിയിലാണ് നമ്മുടെ സകല ഭാവിശ്രേയസ്സെന്നും കരുതുന്നവന്ന് എന്തു സുഖമാണ്? എന്തു സ്വാതന്ത്ര്യമാണ്?

ഈ മോക്ഷം വിചാരിക്കുന്നനിമിഷം കൈവരുമെന്നറിഞ്ഞാൽ പിന്നെ ആ ആനന്ദത്തിനുണ്ടോ അതിരു്! മഹാവാക്യം സദ്ഗുരുവിൽനിന്നു ഒരിക്കൽ കേഠംക്കുന്ന ഉത്തമാധികാരിയായ ശിഷ്യൻ ആ കേഠംക്കുന്ന മാത്രയിൽ തന്നെ മുക്തനാകുന്നു. എന്നാൽ മോക്ഷത്തിനുള്ള ആഗ്രഹം സാധാരണ ജനങ്ങളിൽ മങ്ങിക്കിടക്കുന്നു. ആ ആഗ്രഹം ശരിയായി വദ്ധിപ്പിക്കാൻ അവർ യോഗം അഭ്യസിക്കണം. യോഗമെന്നാൽ എന്തു്? കാട്ടിൽ ഇരിയ്ക്കുന്നതല്ല; ഞാണിന്മേൽ കയറി കിടക്കുന്നതല്ല; വെള്ളത്തിൽ പൊന്തിക്കിടക്കു

നാതല്ല; ഉണ്ണാതേയും ഉറങ്ങാതേയും ഇരിക്കുന്നതല്ല. അതു മനസ്സിനെ അടക്കുകയാകുന്നു; ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നിവയിൽ ഭ്രമിക്കാതെ മനസ്സിനെ നിറുത്തുകയാകുന്നു. ഈ യോഗം മനുഷ്യവർഗ്ഗത്തിലുള്ള നാലുതരം ജനങ്ങൾക്കും അഭ്യസിക്കത്തക്കവണ്ണം നാലായി തിരിക്കപ്പെട്ടിരിക്കുന്നു. അവ കർമ്മയോഗം, ഭക്തിയോഗം, ജ്ഞാനയോഗം, രാജയോഗം. ഈശ്വരനില്ലെന്നു വിശ്വസിക്കുന്നവനുപോലും മുക്തിക്കുള്ള അഭ്യാസം ഇതിലുണ്ട്. എന്നാൽ സദാചാരമാകുന്നു എല്ലാററിന്റേയും അടിസ്ഥാനം.

നാവിരതൊ ദുശ്ചരിതാൽ
നാശാന്തൊ നാസമാഹിതഃ
നാശാന്തമാനസൊ വാപി
പ്രജ്ഞാനേനൈനമാപ്നുയാൽ.

പാപകർമ്മങ്ങളിൽനിന്നു വിരമിക്കാതെ—ഇന്ദ്രിയഭ്രമങ്ങളെ നിറുത്താതെ—മനസ്സിനെ ഏകാഗ്രമാക്കാതെ—മനസ്സിൻെറ സ്വാർത്ഥചിന്തകളടങ്ങാതെ എന്തെല്ലാം അറിഞ്ഞാലും ഈശ്വരനെ പ്രാപിക്കയില്ല (അറിയുകയില്ല) എന്നു വേദം.

അഹിംസ, സത്യം, ബ്രഹ്മചര്യം, അപരിഗ്രഹം എന്നിവയ്ക്കു ഹിന്ദുമതം നിസ്തുലമായ സ്ഥാനം കൊടുക്കുന്നു. 'യാതൊരു ജീവിക്കും ദ്രോഹം ചെയ്യരുതു്" എന്ന അതിന്റെ മഹാസിദ്ധാന്തം ആരാണു് അറിയാത്തതു്? അതിലെ അഹിംസാനിഷ്ഠയുടെ കൂടുതൽകൊണ്ടു് "ഹിന്ദു" എന്ന വാക്കി

ന്റെ അർത്ഥംതന്നെ അഹിംസകൻ (ഹിന് ഹിംസായാം ദുഞ്നിവൃത്തൌ) എന്നു ചിലർ പറയുന്നു. ഈശ്വരനെ സത്യസ്വരൂപനെന്നു ഹിന്ദുമതം ഘോഷിക്കുന്നു.

"സമൂലൊ വാ ഏഷ പരിശുഷ്യതി
യോവാ അനൃതമഭിവദതി."

എന്നാണ് വേദം പറയുന്നത്. ആരു കള്ളം പറയുമ്പോ അവൻ വേരോടെ ഉണങ്ങിപ്പോകുന്നു. ബ്രഹ്മചര്യം അതിന്റെ നിർബന്ധിതനിയമമാകുന്നു. നാല്പത്തിനാലു വയസ്സുവരെ എല്ലാ ഹിന്ദുവും തീവ്രബ്രഹ്മചര്യം അനുഷ്ഠിക്കണമെന്നാണ് നിയമം. ഗൃഹസ്ഥനായാലും സാമാന്യബ്രഹ്മചര്യം നിർബന്ധിതമാണ്. ഇന്ദ്രിയങ്ങളുടെ ദാസനായി കാളയെപ്പോലെ നടക്കുന്നവൻ ഹിന്ദുവല്ല. സർവ്വോപരി അപരിഗ്രഹം. അവനവൻ വിയർപ്പുപൊടിയുമാറു തന്റേയോ സമുദായത്തിന്റേയോ ഗുണത്തിനുവേണ്ടി വേലയെടുത്തുണ്ണണമെന്നു ഹിന്ദുമതം വിധിക്കുന്നു. ഇതിനേക്കാറം വലിയ സദാചാരം എന്താണ്? എല്ലാ സന്മാർഗ്ഗനിയമങ്ങളും ഹിന്ദുമതത്തിലടങ്ങുന്നു. ശുചിത്വം ഒരു ഹിന്ദുവിന് ഒരിക്കലും ഒഴിച്ചുകൂടാൻ വയ്യാത്തതാകുന്നു.

ഹിന്ദുമതം, ലോകത്ത് ഇതുവരെ ഉണ്ടായിട്ടുള്ളതും ഇപ്പോറം ഉള്ളതും ഇനി ഉണ്ടാകാനുള്ളതും ആയ എല്ലാ അവതാരപുരുഷന്മാരേയും സിദ്ധന്മാരേയും പുണ്യാത്മാക്കളേയും സ്വാഗതം ചെയ്യുന്നു. ബുദ്ധൻ അതിലെ ഒമ്പതാമത്തെ അവതാരമാകുന്നു,

"യദ്യദ്വിഭൂതി മത്സത്വം
ശ്രീമദൂർജ്ജിതമേവവാ
തത്തദേവാവഗച്ഛ ത്വം
മമ തേജോംശസംഭവം

എന്നു ശ്രീകൃഷ്ണൻ ഗീതയിൽ പറയുന്നു. ലോകത്തിനു ഗുണം ചെയ്യാനായുണ്ടാകുന്ന എല്ലാ ജീവിയും ഈശ്വരാംശമാകുന്നുവെന്നാർത്ഥം.

ഹിന്ദുമതം സർവ്വത്ര സ്നേഹമാണ് പഠിപ്പിക്കുന്നതു്. ഈശ്വരനെ അനിർവ്വചനീയ പ്രേമസ്വരൂപൻ എന്ന് അതു വിളിക്കുന്നു.

യസ്തു സർവ്വാണി ഭൂതാനി
ആത്മന്യേവാനുപശ്യതി.
സർവ്വഭൂതേഷു ചാത്മാനം
തതോ ന വിജുഗുപ്സതെ.

എല്ലാ ഭൂതങ്ങളും ആത്മാവിലാണെന്നും എല്ലാ ഭൂതങ്ങളിലും ആത്മാവാണ് ഇരിയ്ക്കുന്നതെന്നും ആരു കാണുന്നുവോ അവൻ പിന്നെ ഒന്നിനേയും നിന്ദിക്കുന്നില്ല. എല്ലാററിനേയും സ്നേഹിക്കുന്നു. എല്ലാം ഈശ്വരനെന്നും ആ ഈശ്വരനും താനും ഒന്നെന്നും അറിഞ്ഞാൽ പിന്നെ എങ്ങനെ എല്ലാററിനേയും സ്നേഹിക്കാതിരിക്കുകയില്ല? എല്ലാം ഈശ്വരാംശമയമായി കാണണമെന്നു പഠിപ്പിക്കുന്ന ഹിന്ദുമതം എങ്ങനെ അസമത്വത്തിന്റെ ഹേതുവാകും? ഹിന്ദുമ

ത്തിൽ അസമത്വം ഇല്ല. ജാതികൊണ്ടും മററുമുള്ള അ സമത്വം കുസൃഷ്ടിയാകുന്നു.

ദുർജ്ജനങ്ങളും വൃത്തികെട്ടവരും, സജ്ജനങ്ങളും ശുചിത്വമുള്ളവരുമായിത്തീരാൻ വേണ്ടി—സ്നേഹംകൊണ്ട്, ദ്വേഷംകൊണ്ടല്ല—അവരെ അകററിനിറുത്തണമെന്നു പഠിപ്പിക്കുന്ന ഒരുതരം വ്യാവഹാരികമായ അസമത്വം മാത്രമേ ഹിന്ദുമതം അനുവദിച്ചിട്ടുള്ളു. എല്ലാ മനുഷ്യരും 'മനു'വെന്ന ഒരാളുടെ മക്കളാകുന്നുവെന്നാണ് ഹൈന്ദവസിദ്ധാന്തം. എല്ലാം ഈശ്വരമയമായി കാണുമ്പോൾ കല്ലും ഈശ്വരനാകുന്നു. കല്ലിലും ഈശ്വരനെ കാണണം. ഇതാണു വിഗ്രഹാരാധനയുടെ അർത്ഥം. 'കല്ലിൽ മാത്രമേയുള്ളു; മനുഷ്യനിൽ ഇല്ല' എന്നല്ല. കല്ലിലുള്ളതിനേക്കാൾ അധികമായി ഈശ്വരൻ മനുഷ്യനിൽ തെളിഞ്ഞു കാണുന്നുവെന്ന് ഹിന്ദുമതം വിളിച്ചുപറയുന്നു. ഈശ്വരനെ അമ്പലത്തിനകത്തിട്ടു പൂട്ടാമെന്നും ശാന്തിക്കാർ വിചാരിച്ചാൽ പട്ടിണിയിട്ടു കൊല്ലാമെന്നും അറംഗസീബും. മഹമ്മദ്ഗസ്സിയും വിചാരിച്ചാൽ കൊന്നുകളയാമെന്നും ഹിന്ദുമതം പഠിപ്പിക്കുന്നില്ല. മഹമ്മദ്ഗസ്സിയും അറംഗസീബും വിചാരിച്ചാൽ തല്ലിക്കൊല്ലത്തക്കവനല്ല ഹിന്ദുക്കളുടെ ഈശ്വരൻ. സർവ്വവ്യാപിയെ ആൎക്കു നശിപ്പിക്കാം? കൊല്ലുന്നുവെന്നു വിചാരിക്കുന്നവൻെറ ഉള്ളിലും ഇരിക്കുന്നതു് ഹിന്ദുക്കളുടെ ഈശ്വരനാകുന്നു. നാസ്തികൻെറ വാക്കിൻെറ ചൈതന്യമായതും ആ ഈശ്വരനാകുന്നു. പറയനിലും കുടികൊള്ളുന്നതും ആ ഈശ്വരനാകുന്നു. മനുഷ്യരൂപത്തിൽ ഇരിക്കുന്ന ഈശ്വരചൈതന്യത്തെ അപ്രധാനമായി തള്ളി പ്രതിമകളിൽ ഈ

13844

ശ്വരനെ പൂജിക്കുന്നതു പാപമെന്നു ഹിന്ദുമതം പഠിപ്പിക്കു ന്നു. ഹിന്ദുമതത്തിൻെറ മുദ്രാവാക്യം ശാന്തിയാകുന്നു. അ തു് ഒരു മതക്കാരേയും ദ്രോഹിച്ചിട്ടില്ല; ദ്വേഷിച്ചിട്ടില്ല. "അ ദ്രോഹഃ സൎവ്വഭൂതേഷു" അതിൻെറ മുദ്രാവാക്യമാണു്. ഇ ങ്ങനെയുള്ള വിശിഷ്ടമതം—സമത്വം, സ്വാതന്ത്ര്യം, സാ ഹോദൎയ്യം എന്നിവയെ ഇഹലോകത്തും പരലോകത്തും സ്ഥാ പിക്കുന്ന മതം—പ്രത്യക്ഷാനുഭവത്തിൽ ഉറപ്പിക്കപ്പെട്ടിരി ക്കുന്ന മതം—സകല മതങ്ങൾക്കും ഇടംകൊടുക്കുന്ന മതം— ഇഹലോകത്തും പരലോകത്തും ഭേദമെന്യേ നിത്യാനന്ദംകൊ ടുക്കുന്ന ധൎമ്മം സൎവ്വോൽക്കൎഷേണ വൎത്തിക്കട്ടെ! നാനാ നാമരൂപങ്ങളിലും, അരൂപനായും നാനാദേശവാസികൾ ഉ പാസിച്ചുവരുന്ന ശുദ്ധചൈതന്യം ശാന്തി നൾകട്ടെ!

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

Printed at the B. B. Press, N. Parur.

102

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M 294 Acc. No. 13844

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 11 FEB 2021 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M 294 13844
AGA - 17

ആഗമാനന്ദസ്വാമികൾ
ചൈതന്യ പർവ്വം

KOTTAYAM PUBLIC LIBRARY

Call No M 294 Acc. No 13844

Author ന്യൂമാനുസ്വാമികൾ

Title വൈദ്യുവ ധർമ്മം

M 294